പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ – 315
13.10.2011-ലെ മറുപടിക്ക്
**ശമ്പള പുനർ നിർണ്ണയം – അപാകത**

| | ചോദ്യം<br>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ഉത്തരം<br>ശ്രീ.കെ.എം.മാണി<br>ബഹു:ധനകാര്യവകുപ്പ് മന്ത്രി |
|---|---|---|
| (എ) | 9-ാം ശമ്പളക്കമ്മീഷൻ സമാനയോഗ്യതയും സമാന സ്കെയിലും ഉണ്ടായിരുന്ന ജീവനക്കാർക്ക് വ്യത്യസ്ത തരത്തിൽ ശമ്പളം പുനർ നിർണ്ണയിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഏതെല്ലാം വിഭാഗം ജീവനക്കാർക്കാണ് ഇത്തരത്തിൽ വ്യത്യസ്ത ശമ്പള സ്കെയിലുകൾ നൽകി ശമ്പളം പരിഷ്ക്കരിച്ചതെന്ന് വ്യക്തമാക്കാമോ; | 2009 ലെ ശമ്പളപരിഷ്കരണ കമ്മീഷൻ ശുപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാന സെക്രട്ടേറിയറ്റിലെ പൊതുഭരണവകുപ്പിലും നിയമവകുപ്പിലും സേവനമനുഷ്ഠിക്കുന്ന അറ്റൻഡർമാർക്ക് 8960-14260 എന്ന ശമ്പള സ്കെയിൽ അനുവദിച്ചപ്പോൾ സമാനയോഗ്യതയും സമാന സ്കെയിലും നിലവിലുണ്ടായിരുന്ന ധനവകുപ്പിലേയും നിയമസഭാ സെക്രട്ടേറിയറ്റിലേയും അറ്റൻഡർമാർക്ക് 8730-13540 ശമ്പള സ്കെയിലാണ് അനുവദിച്ചത്.<br>സമാനയോഗ്യതയും സമാന സ്കെയിലും നിലവിലിരുന്ന കോമൺപൂളിലേയും സ്റ്റേറ്റ് സെൻട്രൽ ലൈബ്രേറിയിലേയും ലൈബ്രേറിയൻ ഗ്രേഡ് III, ലൈബ്രേറിയൻ ഗ്രേഡ് II, ലൈബ്രേറിയൻ ഗ്രേഡ് I തസ്തികകൾക്ക് 9-ാം ശമ്പള പരിഷ്കരണത്തിലൂടെ വ്യത്യസ്ത ശമ്പള സ്കെയിലുകളാണ് നൽകിയിട്ടുള്ളത്. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ സീനിയർ ലൈബ്രേറിയൻ തസ്തികയ്ക്കും സ്റ്റേറ്റ് സെൻട്രൽ ലൈബ്രേറിയിലെ ഡെപ്യൂട്ടി സ്റ്റേറ്റ് ലൈബ്രേറിയൻ തസ്തികയ്ക്കും സമാനയോഗ്യതയും സമാന ശമ്പള സ്കെയിലുമാണ് നിലവിലുണ്ടായിരുന്നത് (Rs.12250-19800). 9-ാം ശമ്പള പരിഷ്കരണത്തിൽ സീനിയർ ലൈബ്രേറിയന് 21240-37040 ശമ്പള സ്കെയിൽ അനുവദിച്ചപ്പോൾ ഡെപ്യൂട്ടി സ്റ്റേറ്റ് ലൈബ്രേറിയൻ തസ്തികയ്ക്ക് 24040-38840 എന്ന ഉയർന്ന ശമ്പള സ്കെയിലാണ് അനുവദിച്ചിട്ടുള്ളത്. കൂടാതെ സമാന ശമ്പള നിരക്കുകൾ നിലവിലിരുന്ന പല വിഭാഗം ജീവനക്കാർക്കും വ്യത്യസ്ത ശമ്പള നിരക്കുകൾ കമ്മീഷൻ ശുപാർശ പ്രകാരം പരിഷ്കരിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും ഇത്തരം കേസുകളിൽ സമാന യോഗ്യതയാണോ ഈ വിഭാഗങ്ങൾക്ക് ഉള്ളത് എന്ന കാര്യം ടി തസ്തികകളുടെ സ്പെഷ്യൽ |

| | | |
|---|---|---|
| | | റൂളുകൾ പരിശോധിച്ചതിന് ശേഷമേ തീർപ്പാക്കാൻ കഴിയുകയുള്ളൂ. ഇതിനായി 26.05.2011 ലെ 29/2011/ധന നമ്പർ സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസൃതമായി ബന്ധപ്പെട്ട തസ്തികകളുടെ സ്പെഷ്യൽ റൂൾസ് ഉൾപ്പെടെയുള്ള രേഖകൾ വിവിധ വകുപ്പുകളോട് പരാതികളുടെ അടിസ്ഥാനത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | തുല്യയോഗ്യതയും തുല്യശമ്പളസ്കെയിലും വർഷങ്ങളായി നിലനിന്നിരുന്ന ജീവനക്കാർക്ക് ശമ്പളപരിഷ്കരണത്തിലൂടെ ഉണ്ടായിട്ടുള്ള അപാകത പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ; | മുൻകാലങ്ങളിൽ തുല്യയോഗ്യതയും തുല്യശമ്പളസ്കെയിലും നിലനിന്നിരുന്ന വിഭാഗങ്ങളുടെ ശമ്പളസ്കെയിലിൽ 9-ാം ശമ്പള പരിഷ്കരണത്തിലൂടെ അപാകത വന്നിട്ടുള്ള കേസുകൾ പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ പരിഹാര നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ഡി) | എന്ത് മാനദണ്ഡത്തിൻെറ അടിസ്ഥാനത്തിലാണ് തുല്യയോഗ്യതയുള്ള ജീവനക്കാർക്ക് വ്യത്യസ്ത സ്കെയിലുകൾ നൽകി ശമ്പളം പരിഷ്കരിച്ചതെന്ന് വിശദമാക്കാമോ; | 9-ാം ശമ്പളക്കമ്മീഷൻ വിവിധ സർവ്വീസ് സംഘടനകളുമായും വകുപ്പുതലവൻമാരുമായും നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിലാണ് ശമ്പളപരിഷ്കരണ റിപ്പോർട്ട് സമർപ്പിച്ചത്. മുൻകാലങ്ങളിൽ നിന്നും വ്യത്യസ്തമായി സമാന സ്കെയിലുകൾ നിലവിലുണ്ടായിരുന്ന വിഭാഗങ്ങൾക്ക് വ്യത്യസ്ത ശമ്പള സ്കെയിലുകൾ ശുപാർശ ചെയ്തതു സംബന്ധിച്ച സാധൂകരണം കമ്മീഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടില്ല. |
| (ഇ) | സമാനയോഗ്യതയും സമാനസ്കെയിലും ഉണ്ടായിരുന്നവർക്ക് 9-ാം ശമ്പളക്കമ്മീഷൻ വ്യത്യസ്ത സ്കെയിലുകൾ നൽകിയിരുന്നതിൽ, ഏതെങ്കിലും വിഭാഗം ജീവനക്കാർക്ക് ശമ്പളം പിന്നീട് ഏകീകരിച്ചു നൽകിയിട്ടുണ്ടോ; എങ്കിൽ അതു സംബ ന്ധിച്ച ഉത്തരവിൻെറ പകർപ്പ് നൽകാമോ? | ധനകാര്യവകുപ്പിലും നിയമസഭാ സെക്രട്ടേറിയറ്റിലും സേവനമനുഷ്ഠിക്കുന്ന അറ്റൻഡർമാരുടെ ശമ്പള സ്കെയിൽ പൊതുഭരണവകുപ്പിലേയും നിയമവകുപ്പിലേയുംസമാന തസ്തികകളുടെ ശമ്പള സ്കെയിലിനു തുല്യമാക്കി ഏകീകരിച്ചുകൊണ്ട് GO(P) No.339/2011/(7)/Fin dated 9/8/2011 പ്രകാരം ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

**Finance (Anomaly Rectification Cell C) Department**

CIRCULAR

No. 29/2011/Fin. *Dated, Thiruvananthapuram, 26th May, 2011.*

*Sub:*—Pay Revision 2009—Representations/requests for clarifications and rectifications of anomalies—Mode of submission—Instructions issued.

*Ref:*— 1. G. O. (P) No. 85/2011/Fin. dated 26-2-2011.
2. G. O. (P) No. 143/2011/Fin. dated 30-3-2011.
3. G. O. (P) No. 86/2011/Fin. dated 26-2-2011.
4. G. O. (P) No. 144/2011/Fin. dated 30-3-2011.

Government, as per the references cited, have issued orders revising Pay and Allowances of State Government employees, staff of educational institutions, teachers, University employees etc. A large number of representations from individuals and service organizations for rectifications of anomalies and several requests from Heads of Offices for clarifications are being received directly in Finance Department. These proposals lack necessary supporting details causing much difficulties in the proper examination of the issues contained.

2. It is, therefore, clarified that requests from Heads of Offices for clarifications relating to the 9th Pay Revision Order and individual demands should be forwarded to Finance Department only through the Heads of Departments and the Administrative Departments concerned along with specific recommendations and all relevant documents including Special Rules, if any. The requests from Heads of Offices and individuals contrary to the above will not be entertained by the Government.

By order of the Governor,

D. SYAMA,
*Additional Secretary (Finance).*

GCPT. 4/2135/2011/DTP.

GOVERNMENT OF KERALA

**Abstract**

PAY REVISION 2009—SECRETARIAT SERVICE—SCALE OF PAY OF THE POST OF ATTENDER IN FINANCE SECRETARIAT AND LEGISLATURE SECRETARIAT—MODIFIED—ORDERS ISSUED

FINANCE (ANOMALY RECTIFICATION CELL-A) DEPARTMENT

**G. O. (P) No. 339/2011/(7)/Fin.** **Dated, Thiruvananthapuram, 9th August, 2011.**

*Read*:—G. O. (P) No. 85/2011/Fin. dated 26-2-2011 and
G. O. (P) No. 143/2011/Fin. dated 30-3-2011.

ORDER

As per the Government Orders read above, the Scale of Pay of the post of Attender in General Administration Department and Law Secretariat were revised from the pre-revised Scale of Pay of ₹ 4630-7000 to ₹ 8960-14260 and 1/3 of them were allowed Higher Grade also. The same benefit was denied to the post of Attender in the Finance Secretariat and in the Legislature Secretariat and they were allowed only normal revision to the Scale of Pay of ₹ 8730-13540. Since the mode of selection, qualification, duties and responsibilities etc. of post of Attender in Secretariat Service is the same, the service organisations requested to extend the above benefit of pay revision to the post of Attender in the Finance Secretariat and in the Legislature Secretariat also.

Government have examined the matter in detail and are pleased to order that the Scale of Pay shown against the post of Attender below 'Finance Secretariat' on page 97 and that below the 'Legislature Secretariat' on page 101 of the Government order read above will stand modified as follows:

| | *Designation* | *Existing Scale of Pay* | *Revised Scale of Pay* |
|---|---|---|---|
| * | Attender | 4630-7000 | 8960-14260 |

The following foot note also shall be incorporated on page 97 and on page 101 of the Government Order read above.

* '1/3 will be in the Higher Grade in the Scale of Pay of ₹ 9190-15780'.

This order will take effect from 1-7-2009.

By order of the Governor,

D. SYAMA,
*Additional Secretary (Finance).*

GCPT. 4/3053/2011/DTP.

To

The Principal Accountant General (Audit), Kerala, Thiruvananthapuram.

The Accountant General (A&E), Kerala, Thiruvananthapuram.

The Advocate General, Kerala, Ernakulam (with C.L.)

The Private Secretaries to Chief Minister and Other Ministers.

The Secretary to Governor.

All Heads of Departments.

The Additional Secretary to the Chief Secretary.

All Secretaries/Additional Secretaries/Joint Secretaries/Deputy Secretaries/Under Secretaries to Government.

All Departments (All Sections) of the Secretariat.

The Secretary, Kerala Public Service Commission (with C.L.)

The Registrar, Kerala/Cochin/Calicut/MG/Kannur/Sanskrit/Kerala Agricultural University (with C.L.)

The Registrar, High Court, Ernakulam (with C.L.)

The Private Secretaries to Speaker, Deputy Speaker, Leader of Opposition and the Government Chief Whip.

The Director of Public Relations.

The Nodal Officer, www.finance.kerala.gov.in

The Stock File/Office Copy.